ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ്കേരളലിമിറ്റഡ്

CIN: U01119KL1962SGC001997 രജി ഓഫീസ് – കോട്ടയം – 686 004

SAL-F-570/ 3587 **10/11/2026**

ഇ–ടെൻഡർ-കം– ഇ ഓക്ഷൻ

ചീമേനി എസ്റ്റേറ്റ് –കുറുവപ്പട്ട, കുറുവതൈലം എന്നിവയുടെ വിൽപ്പന

പ്ലാന്റേഷൻ കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ചീമേനി എസ്റ്റേറ്റിന് കീഴിലുള്ളതും ജൈവ രീതിയിൽ പരിപാലിക്കുന്നതുമായ നാടുകാണി ഡിവിഷനിൽ ഉല്പാദിപ്പിച്ച് സൂക്ഷിച്ചിരിക്കുന്ന 500 കിലോഗ്രാം കുറുവപ്പട്ടയുടെയും (Cinnamon Bark) 750 കിലോഗ്രാം കുറുവത്തൈലത്തിന്റെയും(കുറുവ ഇലയിൽനിന്നും ഉൽപ്പാദിപ്പിച്ചത്-Cinnamon leaf oil) വിൽപ്പന കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in വഴി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതുപ്രകാരം ടി ഇനങ്ങളുടെ വിലയുടെ വാഗ്ദാനം 30/11/2026 തീയതിയിൽ 02.00 PM വരെ കരാറുകാർക്ക് ഇ-ടെൻഡർ പോർട്ടൽ വഴി സമർപ്പിക്കാവുന്നതാണ്.ഇ-ടെൻഡർ സമർപ്പിക്കുന്നവർ ഓരോ ഇനത്തിനും ഒരു കിലോഗ്രാമിന് നൽകാവുന്ന പരമാവധി കൂടിയ നിരക്കാണ് ടെൻഡറിൽ കാണിക്കേണ്ടത്.

ഇ-ടെൻഡർ-കം-ഇ-ഓക്ഷൻ നിബന്ധനകൾ

1. ഇ-ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെൻഡർ ഫോം ഒന്നിന് 118/- രൂപയും നിരതദ്രവ്യം 10,000/- രൂപയുമാണ്.
2. ഇ-ടെൻഡർ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ,ഇ-ടെൻഡർ വ്യവസ്ഥകൾ ടി ഇപോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷനും മാനേജിങ്ങ് ഡയറക്ടർ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫീസ് (Rs.118/-) അടച്ച് ഇപോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്ലോഡ് ചെയ്യേണ്ടതാണ്. ഡിമാൻഡ് ഡ്രാഫ്റ്റ് സംബന്ധിച്ച വിവരങ്ങൾ അപ്ലോഡ് ചെയ്യുന്ന ടെൻഡർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി ടെൻഡർ നിരാകരിക്കുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റിന്റെ ഒറിജിനൽ ഇ ടെൻഡർ തുറക്കുന്ന ദിവസം 01.12.26 02:00 P.M ന് മുൻപായി പി സി കെ ഹെഡ് ഓഫീസിൽ ലഭിച്ചിരിയ്ക്കേണ്ടതാണ്.
3. ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ടെണ്ടർ സമർപ്പിക്കുന്നതിന് മുമ്പായി മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ മേൽ ഉൽപ്പന്നങ്ങളുടെ അളവ്, ഗുണമേന്മ എന്നിവ നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടിരിക്കേണ്ടതാണ്. പിന്നീട് ഇത് സംബന്ധിച്ച് യാതൊരു വിധ പരാതികളും പരിഗണിക്കുന്നതല്ല.

4. ടെൻഡർ സ്ഥിരീകരണ തിയതി മുതൽ 7 ദിവസത്തിനുള്ളിൽ ടെൻഡർ തുകയുടെ 50% തുകയും 5% സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡിൻറെ ചീമേനി എസ്റ്റേറ്റ് ബാങ്ക് അക്കൗണ്ടിൽ അടച്ചു 200 രൂപ മുദ്രപത്രത്തിൽ കോർപ്പറേഷനുമായി എഗ്രിമെൻറ് ഒപ്പ് വക്കേണ്ടതാണ്. ബാക്കി 50% തുകയും ബാധകമായ GST ഉൾപ്പടെയുള്ള എല്ലാ നികുതികളും കരാർ തിയതി മുതൽ 30 ദിവസത്തിനുള്ളിൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡിൻറെ ചീമേനി എസ്റ്റേറ്റ് ബാങ്ക് അക്കൗണ്ടിൽ അടക്കേണ്ടതാണ് . മുഴുവൻ തുകകളും അടച്ചു എല്ലാ നടപടി ക്രമങ്ങളും പൂർത്തിയായതിനുശേഷം മാത്രമേ കുറുവ പട്ടയും കുറുവ തൈലവും പുറത്തേക്കു കൊണ്ടുപോകുവാൻ പാടുള്ളൂ.

5. 4,നിബന്ധനയിൽ വീഴ്ച വരുത്തുന്നപക്ഷം ടെൻഡർ അസ്ഥിരപ്പെടുത്തുന്നതും, സ്ഥിരീകരണ ഉത്തരവ് റദ്ദാക്കുന്നതും കോർപ്പറേഷനിൽ പ്രസ്തുത വ്യക്തി അടച്ചീട്ടുള്ളതായ എല്ലാ തുകകളും കണ്ടുകെട്ടി കോർപ്പറേഷന്റെ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്.. ഇതുമൂലം കോർപ്പറേഷനുണ്ടാകാവുന്ന എല്ലാവിധ കഷ്ടനഷ്ടങ്ങൾക്കും പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്നതും ആയത് 25% പലിശ സഹിതം കോർപ്പറേഷൻ ടിയാളിൽനിന്നും ഈടാക്കിയെടുക്കുന്നതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്. കൂടാതെ ടി ടെൻഡറുകാരനെ കോർപ്പറേഷന്റെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും ടിയാൾക്ക് കോർപ്പറേഷന്റെ പിന്നീടുള്ള ടെൻഡറുകളിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതുമല്ല

6. ഇ-ടെൻഡർ-കം-ഇ-ഓക്ഷനിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകളിൽ ഏതാണോ കൂടുതൽ അതായിരിക്കും ടെണ്ടർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുക. ഏറ്റവും കൂടിയ തുകയ്ക്ക് ടെൻഡർ സമർപ്പിച്ച വ്യക്തിയ്ക്ക് കോർപ്പറേഷൻ അന്തിമ തീരുമാനമെടുക്കുന്നതുവരെ സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. അഥവാ പ്രസ്തുത വ്യക്തി അപ്രകാരം പിൻവലിക്കുകയോ അഞ്ചാം വകുപ്പ് അനുസരിച്ചുള്ള തുക അടയ്ക്കാതിരിക്കുകയോ ചെയ്താൽ അയാൾ വകുപ്പ് 2 പ്രകാരം അടച്ചിട്ടുള്ള നിരതദ്രവ്യം കോർപ്പറേഷനിലേക്ക് മുതൽകൂട്ടുവാനും അപ്രകാരം സംഭവിക്കുന്ന പക്ഷം യുക്തമായ തീരുമാനമെടുക്കുന്നതിനും കോർപ്പറേഷന് പൂർണ്ണ അധികാരമുള്ളതുമാകുന്നു.

7. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്ത് ടെൻഡർ സമർപ്പിച്ചാലും ടി തുക ന്യായയുക്തമല്ലെന്ന് കണ്ട് ടി വാഗ്ദാനം അംഗീകരിക്കാതിരിക്കുന്നതിനു കോർപ്പറേഷന് അവകാശം ഉണ്ടായിരിക്കുന്നതും ഇപ്രകാരം കോർപ്പറേഷൻ അത് അംഗീകരിക്കാതെ വന്നാൽ പ്രസ്തുത വ്യക്തിക്ക് ടിയാൻ അടച്ച നിരതദ്രവ്യം പലിശരഹിതമായി മടക്കി നൽകുന്നതുമാണ്.

8. ഇരുപത്തിയൊന്നു വയസ്സിൽ താഴെയുള്ളവർക്കും, ഇന്ത്യൻ പൗരത്വമില്ലാത്തവർക്കും ടെൻഡറിൽ പങ്കെടുക്കുവാൻ അർഹതയില്ല. ഇന്ത്യൻ കരാർ വ്യവസ്ഥപ്രകാരം കരാർ ഒപ്പിടുവാൻ അർഹതയില്ലാത്തവരേയും ടെൻഡറിൽ പങ്കെടുപ്പിക്കുന്നതല്ല. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, മറ്റ് ജീവനക്കാർക്കോ ടെൻഡറിൽ പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

9. ടെണ്ടറിനു ബാധകമായ സർക്കാർ നിയമങ്ങളും,കോർപ്പറേഷന്റെ ടെണ്ടറുകൾക്കു ബാധകമായ എല്ലാ നിയമങ്ങളും നടപടി ക്രമങ്ങളും ഈ ടെണ്ടറിനും ബാധകമായിരിക്കുന്നതാണ്.

10. കരാറുകരാനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ, തൊഴിലാളികളിൽ നിന്നോ, എസ്റ്റേറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടാകുവാൻ പാടില്ല.

11. കരാറുകരാനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ, കോർപ്പറേഷൻ വക മരങ്ങൾക്കോ, മറ്റു വസ്തുക്കൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ എസ്റ്റേറ്റു മാനേജർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം കരാറുകാരൻ

കോർപ്പറേഷനിലേയ്ക്ക് അടയ്ക്കേണ്ടതും, മാനേജരുടെ തീരുമാനം ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

12. ടെണ്ടർ ചെയ്തെടുക്കുന്ന കറുവ പട്ട, കറുവ തൈലം എന്നിവ എസ്റ്റേറ്റിൽ നിന്നും നീക്കം ചെയ്യാനാവശ്യമായ സാധന സാമഗ്രികൾ കരാറുകാരൻ കൊണ്ടുവരേണ്ടതാണ്.

13. വില്പന സംബന്ധിച്ച് ടെൻഡറിലോ ഇതു സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ, നടത്തിപ്പിലോ എന്തെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർക്ക് അതിൽ തീർപ്പു കൽപ്പിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും, എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ വ്യവഹാര പരിധി കോട്ടയം അധികാരാതിർത്തിയായിട്ടുള്ള കോടതികളിൽ മാത്രമായിരിക്കുന്നതാണ്

14. കരാറുകാരൻ ടെൻഡർ വ്യവസ്ഥകളോ, കരാർ വ്യവസ്ഥകളോ പാലിക്കാതെ വന്നാൽ യാതൊരുവിധ മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതിനും, കരാർ വസ്തു കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ റീടെൻഡർ വഴി വിൽക്കുന്നതിനും കരാറുകാരൻ കോർപ്പറേഷനിലേക്ക് അടച്ചിട്ടുള്ളതായ മുഴുവൻ തുകയും കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതിനും കൂടാതെ കോർപ്പറേഷനുണ്ടാകാവുന്ന ചെലവുകളും നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കിയെടുക്കുന്നതിനുമുള്ള പരിപൂർണ്ണ അധികാരം പ്ലാന്റേഷൻ കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്.

15. സാധനങ്ങളുടെ ക്രമീകരണം പരസ്യപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി ഭേദഗതികൾ വരുത്തുന്നതിനുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്

16. ഏതെങ്കിലും പ്രത്യേക സാഹചര്യത്തിൽ കരാർ കോർപ്പറേഷൻ റദ്ദ് ചെയ്യുകയാണെങ്കിൽ അതുമൂലം യാതൊരു നഷ്ടപരിഹാരവും കോർപ്പറേഷൻ നൽകുന്നതല്ലാത്തതും നഷ്ടപരിഹാരത്തിന് അവകാശമുന്നയിക്കുവാൻ കരാറുകരാന് അർഹതയോ, അവകാശമോ ഇല്ലാത്തതുമാണ്.

17 ഇ ടെൻഡർ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം 30/11/2026, 2.00.PM.വരെയാണ്. ഇ ടെൻഡറിൽ പങ്കെടുത്തവർക്ക് 01.12.2026 3.00പിഎം നടക്കുന്ന ഇ-ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. 45 മിനുട്ടാണ് ഇ-ലേലം. ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെൻഡർ നടത്തുന്നതായിരിക്കും.

18. ഇടെൻഡർ സ്വീകരിക്കുന്നതായ അവസാന തീയതിയിൽ വില്പനവില നിശ്ചയിക്കുന്നതിന് പര്യാപ്തമായ എണ്ണം ടെൻഡറുകൾ ലഭിച്ചിട്ടില്ലാത്ത പക്ഷം ആവശ്യമെങ്കിൽ ടെൻഡർ തിയതി ദീർഘിപ്പിക്കുന്നതിന് മാനേജിങ് ഡയറക്ടർക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ഇത്തരം സന്ദർഭങ്ങളിൽ, ലഭിച്ചിട്ടുള്ളതായ ടെൻഡറുകൾ തുറക്കുന്നതല്ലാത്തതും ടെൻഡർ നൽകിയിട്ടുള്ളവർക്ക് ആവശ്യമെങ്കിൽ പുതുക്കിയ വാശാനം നൽകുന്നതിന് അനുവദിക്കുന്നതുമാണ്.

ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

Sd/-

കോട്ടയം
മാനേജിങ് ഡയറക്ടർ

10/11/2026

മേൽ വ്യവസ്ഥകൾ വായിച്ചു നോക്കി

പൂർണ്ണമായും അംഗീകരിച്ചിരിക്കുന്നു.

ഒപ്പ്

തീയതി

പേര്

മേൽ വിലാസം, കര, വില്ലേജ്, താലൂക്ക്, ജില്ല

SALE OF CINAMON BARK/CINAMON OIL

(വിൽക്കുവാനുള്ള കറുവപ്പട്ട, കറുവതൈലം എന്നിവയുടെ പട്ടിക)

ഇ–ടെൻഡർ-കം- ഇ ഓക്ഷൻ

ചീമേനി എസ്റ്റേറ്റ് നാടുകാണി ഡിവിഷൻ

Sl.No.	**Item**	**Quantity(Kg)**	**Rate/Kg**(without Tax) **(in figures)**	**Rate/Kg** (without Tax) **(in words)**
1.	**Cinnamon Bark**	**500**		
2	**Cinnamon Oil**	**750**		

EMD details-

Name and address of the Tenderer-

Contact no-

Signature